## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 6330 — 31.10.2011 -ൽ മറുപടിയ്ക്ക്

### സാമൂഹ്യവനവൽക്കരണ പരിപാടിയുടെ പ്രയോജനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| എ) | സാമൂഹ്യ വനവൽക്കരണ പരിപാടിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഈ സർക്കാർ അധികാരമേറ്റശേഷം നടപ്പിലാക്കിയത്; | എ) | ഹരിതകേരളം 3-ാം ഘട്ടം പദ്ധതി (2011-12) പ്രകാരം സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, പഞ്ചായത്തുകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, സാമൂഹ്യ സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവ വഴി വിവിധയിനം തൈകൾ വിതരണം ചെയ്യുകയും. ലഭ്യമായ പൊതുസ്ഥലങ്ങളിൽ വകുപ്പ് നേരിട്ട് തൈകൾ വയ്ക്കുകയും ലഭ്യമായ പാതയോരങ്ങളിൽ അനുയോജ്യമായ തൈകൾ വച്ചുപിടിപ്പിക്കുകയും, കണ്ണൂർ റീജിയണിന്റെയും, വേമ്പനാട് റീജിയണിന്റെയും കണ്ടൽക്കാട് സംരക്ഷണത്തിനുവേണ്ടി തുടർനടപടികൾ സ്വീകരിക്കുകയും, കുട്ടനാട് പാക്കേജ്, സുവർണ്ണോദ്യാനം എന്നീ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്തു വരുന്നു. |
| ബി) | പ്രസ്തുത പരിപാടിയ്ക്കായി വിദേശ സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) | വിദേശ സഹായം ഒന്നും തന്നെ ലഭിക്കുന്നില്ല. |
| സി) | സാമൂഹ്യ വനവൽക്കരണ പരിപാടിയിലൂടെ ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | സി) | 1.പ്രക്ഷീണ വനപ്രദേശത്തേയും, വനേതര പ്രദേശങ്ങളിലേയുംവൃക്ഷാവരണം വർദ്ധിപ്പിക്കുന്നു.<br>2) ആഗോളതാപനത്തിനെതിരെയുള്ള ബോധവൽക്കരണം നടത്തുന്നു.<br>3)സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് തൈവച്ച് പിടിപ്പിക്കാനുള്ള ബോധവൽക്കരണം നൽകുന്നു. |

4) തരിശായികിടക്കുന്ന സർക്കാർ പുറമ്പോക്കുകൾ സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകൾ, പാതയോരങ്ങൾ, റെയിൽവെ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതുമൂലം സ്ഥലങ്ങൾ അന്യാധീനപ്പെടുന്നില്ല.

5) പ്രത്യക്ഷവും പരോക്ഷവുമായി കാലാവസ്ഥ വ്യതിയാനത്തെ തടയുന്നു. അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നു.

6)കൂടുതൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനാൽ പൊതുജനങ്ങൾക്കും, മറ്റ് പക്ഷിമൃഗാദികൾക്കും ഭക്ഷിക്കാനുള്ള ഫലങ്ങൾ ലഭ്യമാക്കുന്നു.

7)അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽകാടുകൾ വച്ച് പിടിപ്പിക്കുന്നതിന് സാധിച്ചതുവഴി നീർത്തട സംരക്ഷണം നടത്തുന്നു.

8)കാവുകളുടെ സംരക്ഷണത്തിന് പാരിതോഷികം നൽകുന്നു.

9)സ്വകാര്യഭൂമിയിലുള്ള കണ്ടൽചെടികളുടെ സംരക്ഷണത്തിനായി ഉടമകൾക്ക് പ്രോത്സാഹനം നൽകുന്നു.

10)തടിയും തടി ഉല്പന്നങ്ങളും വനേതരപ്രദേശങ്ങളിൽ പൊതുജനങ്ങൾക്ക് കൂടുതലായി ലഭ്യമാക്കുന്നതിനും അവർക്ക് സാമ്പത്തിക നേട്ടം കൈവരിക്കുന്നതിനും സാധിക്കുന്നു.

11)കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് എന്നീ പദ്ധതികൾ വഴി കണ്ടൽച്ചെടികൾ നട്ടുപിടിപ്പിക്കാനും, സംരക്ഷിക്കാനും അതുവഴി ജലസംരക്ഷണം, ജലജന്യ വസ്തുക്കളുടെ സംരക്ഷണം എന്നിവ സാധ്യമാകുന്ന നടപടികൾ സ്വീകരിച്ചു.

സെക്ഷൻ ഓഫീസർ